# പത്ര വാർത്ത

# ഗതാഗത നിയന്ത്രണം.

മൂവാറ്റുപുഴ:- കെ.എസ്.കെ.റ്റി.യു സംസ്ഥാന സമ്മേളനത്തിന്റെ സമാപനത്തോടനുബന്ധിച്ച് 11.11.2016 തീയതി വൈകി. 3.30 മുതൽ മൂവാറ്റുപുഴ ടൗണിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതാണ്.

1) കൂത്താട്ടുകുളം, പിറവം ഭാഗത്തു നിന്നും വരുന്ന വാഹനങ്ങൾ സാധാരണ പോലെ മൂവാറ്റുപുഴ ടൗൺ വഴി പോകുന്നതാണ്. ഹെവി വാഹനങ്ങൾ കൂത്താട്ടുകുളം-അഞ്ചൽപെട്ടി-പാമ്പാക്കുട-ഊരമന-പെരുവംമൂഴി വഴി പെരുമ്പാവൂർക്ക് പോകേണ്ടതാണ്.
2) പെരുമ്പാവൂർ ഭാഗത്തു നിന്നും കോട്ടയം ഭാഗത്തേക്കുള്ള വാഹനങ്ങൾ വെള്ളൂർകുന്ന ഈ.ഈ.സി മാർക്കറ്റ് ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കീച്ചേരിപ്പടി - ചാലിക്കടവ്- നിർമ്മല ആശുപത്രി- ലതാ സ്റ്റാന്റ്- സ്റ്റേഷൻ ജംഗ്ഷൻ - നാസ് ജംഗ്ഷൻ - കെ.എസ്.ആർ.ടി.സി ജംഗ്ഷൻ വഴി എം.സി റോഡേ പോകേണ്ടതാണ്.
3) പെരുമ്പാവൂർ ഭാഗത്തു നിന്നും തൊടുപുഴ ഭാഗത്തേക്കുള്ള വാഹനങ്ങൾ വെള്ളൂർകുന്ന ഈ.ഈ.സി മാർക്കറ്റ് ജംഗ്ഷനിൽ നിന്നും തിരിഞ്ഞ് കീച്ചേരിപ്പടി - ചാലിക്കടവ്- നിർമ്മല ആശുപത്രി- ലതാ സ്റ്റാന്റിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് പോകേണ്ടതാണ്.
4) ബി.ഒ.സി ഭാഗത്തുനിന്നും പുറപ്പെടുന്ന പിറവം ബസ്സുകൾ മാർക്കറ്റ് സ്റ്റാന്റിൽ നിന്നും ആളെ കയറ്റി വരുന്ന കീച്ചേരിപ്പടി- ചാലിക്കടവ്- നിർമ്മല ആശുപത്രി- ലതാ സ്റ്റാന്റ്- സ്റ്റേഷൻ ജംഗ്ഷൻ - നാസ് ജംഗ്ഷൻ - കെ.എസ്.ആർ.ടി.സി ജംഗ്ഷൻ വഴി പോകേണ്ടതാണ്.
5) ബി.ഒ.സി ഭാഗത്തുനിന്നും പുറപ്പെടുന്ന തൊടുപുഴ ബസ്സുകൾ മാർക്കറ്റ് സ്റ്റാന്റിൽ നിന്നും ആളെ കയറ്റി വരുന്ന കീച്ചേരിപ്പടി- ചാലിക്കടവ്- നിർമ്മല ആശുപത്രി- ലതാ സ്റ്റാന്റിൽ നിന്നും ഇടത്തേക്ക് തിരിഞ്ഞ് പോകേണ്ടതാണ്.
6) ലതാ സ്റ്റാന്റിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ നാസ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച് കെ.എസ്.ആർ.ടി.സി, കച്ചേരിത്താഴം, ബി.ഒ.സി, ഈ.ഈ.സി മാർക്കറ്റ്, കീച്ചേരിപ്പടി വഴി പോകേണ്ടതാണ്.
7) മൂവാറ്റുപുഴ ഏരിയയിൽ നിന്നും സമ്മേളനത്തിന് എത്തുന്ന വാഹനങ്ങൾ പഴയ എക്സൈസ് ഓഫീസ് മുതൽ കോട്ടയം റോഡിലും മറ്റ് സ്ഥലങ്ങളിൽ നിന്നും എത്തുന്ന വാഹനങ്ങൾ നിർമ്മല കോളേജ് ജംഗ്ഷൻ മുതൽ തൊടുപുഴ റോഡ് സൈഡിലും ഒറ്റ വരിയായി പാർക്ക് ചെയ്യേണ്ടതാണ്.

വൈകുന്നേരം 03.30 മണി മുതൽ ഗതാഗത നിയന്ത്രണം നടപ്പിലാവുന്നതാണ്. പ്രസ്തുത സമയം വെള്ളൂർകുന്നം ഭാഗത്തുനിന്നും കെഎസ്ആർടിസി ഭാഗത്തേക്കുള്ള എല്ലാ വാഹനങ്ങളും മേൽ പറഞ്ഞ രീതിയിൽ ഗതാഗത നിയന്ത്രണം അനുസരിച്ച് പോകേണ്ടതാണ്.